(ഡി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. നിലവിൽ സഹകരണ വകുപ്പിൽ നിന്നും മാവേലി സ്റ്റോർ തുടങ്ങുന്നതിന് അനുമതി നൽകുന്നില്ല. നീതി ലാബുകൾ ആരംഭിക്കുന്നതിന് മുന്നോട്ട് വരുന്ന സംഘങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ അനുവാദം നൽകി വരുന്നുണ്ട്.

## കുമരംപുത്തൂർ സർവ്വീസ് സഹകരണബാങ്കിന്റെ അഡ്മിനിസ്റ്റേറ്ററുടെ ഭരണ കാലാവധി

136 (5863) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ സർവ്വീസ് സഹകരണബാങ്കിന്റെ അഡ്മിനിസ്റ്റേറ്ററുടെ ഭരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ഗസറ്റ് പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഇ-ഫയൽ നമ്പർ C3/ 43/17-ൽ സഹകരണ വകുപ്പ് എന്ത് നടപടി നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാനും ആയതിന്റെ കോപ്പി ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സഹ-സി3/43/17- സഹ നമ്പർ ഫയൽ കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ടതല്ല. സഹ-സി3/42/17 നമ്പർ ഫയലാണ് ടി വിഷയവുമായി ബന്ധപ്പെട്ടത്. കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അഡ്മിനിസ്റ്റേറ്ററുടെ കാലാവധി 6 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകണമെന്നപേക്ഷിച്ചുകൊണ്ടുള്ള വിഷയം സംബന്ധിച്ച ടി ഫയലിന്മേൽ വിജ്ഞാപനത്തിന്റെ കരട് സൂക്ഷ്മ പരിശോധന നടത്തി നൽകുന്നതിനായി നിയമവകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഫയൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് വിജ്ഞാപനത്തിന്റെ പകർപ്പ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അയച്ചു കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly